പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 7546 — 17/7/2012- ൽ മറുപടിയ്ക്ക്

ഇ.എം.എസ് ഭവന പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് അനുവദിക്കാനുള്ള തുക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോസ് തെറ്റയിൽ | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) ഇ.എം.എസ് ഭവന പദ്ധതി പ്രകാരം തുക അനുവദിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതും എന്നാൽ തുടർ നിർമ്മാണത്തിന് തുക ലഭിക്കാതെ പാതിവഴിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നിലച്ചിരിക്കുന്നതുമായ ഭവനങ്ങൾ പൂർത്തിയാക്കുന്നതിനായി ഗുണഭോക്താക്കൾക്ക് തുക ലഭ്യമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ; | (എ) ഇ.എം.എസ് ഭവന പദ്ധതി പ്രകാരം എഗ്രിമെന്റ് വച്ച ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിന് പൊതു വിഭാഗത്തിനും പട്ടികജാതി വിഭാഗത്തിനും 2,00,000/- (രണ്ടു ലക്ഷം) രൂപയായും പട്ടികവർഗ്ഗ വിഭാഗത്തിന് 2,50,000/- (രണ്ടു ലക്ഷത്തി അൻപതിനായിരം) രൂപയായും ധനസഹായ നിരക്ക് വർദ്ധിപ്പിച്ചുകൊണ്ട് 27/2/2012-ൽ സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവിന് 15/9/2011- മുതൽ മുൻകാല പ്രാബല്യം നൽകിയിട്ടുണ്ട്. 1/4/2011-ന് ശേഷം എഗ്രിമെന്റ് വച്ചവരിൽ 15/9/2011-ന് ശേഷം മുഴുവൻ പണിയും നടത്തുന്നവർക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള മുഴുവൻ തുകയും 15/9/2011-ന് മുൻപ് ഒന്നോ അതിലധികമോ ഘട്ടങ്ങൾ പൂർത്തീകരിച്ച് ധനസഹായം സ്വീകരിച്ചവർക്ക് ശേഷിക്കുന്ന ഘട്ടങ്ങൾക്ക് ആനുപാതിക വർദ്ധനവും ബാധകമാക്കിയിട്ടുണ്ട്. ഇ.എം. എസ് ഭവന പദ്ധതിയുടെ കാലാവധി 31/3/2012-ന് അവസാനിച്ചുവെങ്കിലും അതിനുമുമ്പായി കരാർ ഒപ്പിട്ട മുഴുവൻ ഗുണഭോക്താക്കൾക്കും ധനസഹായം ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | |
|---|---|
| (ബി) ഇ.എം.എസ് ഭവന പദ്ധതിയ്ക്ക് പകരമായി ആവിഷ്ക്കരിച്ചിട്ടുള്ള പുതിയ ഭവന നിർമ്മാണ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ബി) ഇ.എം.എസ് ഭവന പദ്ധതിയ്ക്ക് പകരമായി പുതിയ ഭവന പദ്ധതി സർക്കാർ ആവിഷ്ക്കരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ